**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **07-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റീസർവ്വേ അപാകത മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (എ) | റീസർവ്വെ പൂർത്തിയായി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങൾ ഭേദഗതികൾ ചെയ്ത് നടപടികൾ ഏകീകരിച്ച് 26.08.2017 ലെ സ.ഉ.(എം.എസ്) 303/17/റവന്യൂ നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം റീസർവ്വെ പരാതികൾ പരിഹരിക്കാൻ അതത് താലൂക്കിലെ ഭൂരേഖ തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ അധികാരിയായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും, റിവിഷൻ അധികാരിയായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വെ അദാലത്തുകൾ നടത്തി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു വരുന്നു. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെ നടപടികൾ കൂടി വരുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പട്ടയത്തിന് അർഹരായവർക്ക് പട്ടയം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള അർഹമായ അപേക്ഷകൾ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ വച്ച് അംഗീകാരം തേടേണ്ടതുണ്ട്. ടി കമ്മിറ്റികൾ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെയും പേര് വിവരങ്ങൾ ലഭ്യമാക്കുന്നതിനു കാലതാമസം പല ജില്ലകളിലും ഉണ്ട്. പട്ടയ വിതരണം നടത്തുന്നതിനായി പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കയ്യേറ്റ ഭൂമി തിരികെ പിടിക്കുവാൻ സ്വീകരിച്ച നടപടികൾ | (സി) | സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | ത്വരിതപ്പെടുത്തുന്നതിനായി 10/09/2018 ലെ സ.ഉ.(സാധാ)3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ മേൽനോട്ടത്തിൽ അനധികൃത കൈയ്യേറ്റം താമസംവിനാ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 08/11/2008 നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കൈയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കൈയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു. |
| (ഡി) | വില്ലേജ് ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിന് ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ആലോചനയുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | വില്ലേജ് ഓഫീസുകളിലെ മിക്ക സേവനങ്ങളും ഓൺലൈനായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം വില്ലേജ് ആഫീസുകളിലെ തിരക്ക് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ